**പതിമൂന്നാം കേരളനിയമസഭ**

**പതിന്നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T1632** 2/07/2015 ൽ മറുപടിയ്ക്ക്.

# പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ റൂൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി : | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ റൂൾ നടപ്പാക്കിയിട്ടുണ്ടോ? എങ്കിൽ എന്നു മുതലാണ് ഇതിന് പ്രാബല്യം നൽകിയിട്ടുള്ളത്; പ്രസ്തുത റൂളിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ റൂൾ നടപ്പാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 1994, 01/01/1990 തീയതി പ്രാബല്യത്തിലും , കേരള പഞ്ചായത്ത് സർവ്വീസ് ചട്ടങ്ങൾ 2006 03/02/2006 തീയതി പ്രാബല്യത്തിലും സ്പെഷ്യൽ റൂൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പകർപ്പുകൾ യഥാക്രമം അനുബന്ധം I,II ആയി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത റൂൾ പ്രകാരം വകുപ്പിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമെന്നും റൂളിൽപ്പെടാതെയുള്ള തസ്തികകളുണ്ടോ എന്നും എങ്കിൽ അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ; | (ബി) <u>കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടപ്രകാരം നിലവിലുള്ള തസ്തികകൾ</u><br>1. സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി (ഗ്രാമപഞ്ചായത്ത് )<br>2. പഞ്ചായത്ത് ഇൻസ്പെക്ടർ<br>3. സെക്രട്ടറി (ഗ്രാമപഞ്ചായത്ത് )<br>4. ജൂനിയർ സൂപ്രണ്ട്<br>5. ഹെഡ്ക്ലാർക്ക്<br>6. അപ്പർ ഡിവിഷൻ ക്ലാർക്ക്<br>7. ലോവർ ഡിവിഷൻ ക്ലാർക്ക്<br>8. പ്യൂൺ.<br>9. ലൈബ്രേറിയൻ ഗ്രേഡ് I,II, III,IV<br>10. നഴ്സറി സ്കൂൾ റ്റീച്ചർ<br>11. ആയ<br>12. സാനിറ്ററി ഇൻസ്പെക്ടർ<br>13. നഴ്സ്<br>14. ഫാർമസിസ്റ്റ്<br>15. ആക്സിലറി നഴ്സ് കം മിഡ് വൈഫ് |

16. മിഡ് വൈഫ്
17. നഴ്സിംഗ് അസിസ്റ്റന്റ്
18. ട്രാക്ടർ ഡ്രൈവർ
19. ഡ്രൈവർ,ഹെവിഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾസ്

<u>കേരള പഞ്ചായത്ത് സർവ്വീസ് ചട്ട പ്രകാരം നിലവിലുള്ള തസ്തികകൾ</u>

1. പഞ്ചായത്ത് ഡയറക്ടർ (ഐ.എ.എസ്. കേഡർ)
2. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/ജനന മരണ ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ
4. പഞ്ചായത്ത് അസിസ്റ്റന്റ്ഡയറക്ടർ

4.(a) പ്രോവിഡന്റ് ഫണ്ട് അക്കൌണ്ട്സ് ഓഫീസർ

<u>പഞ്ചായത്ത് വകുപ്പിലെ വിശേഷാൽചട്ടങ്ങളിൽ ഉൾപ്പെടാത്ത തസ്തികകൾ.</u>

1. പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ
2. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ ഗ്രാമപഞ്ചായത്ത് സെക്രട്ടറി
3. അസിസ്റ്റന്റ് സെക്രട്ടറി
4. ഹെഡ് അക്കൌണ്ടന്റ്
5. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I,II

വിശേഷാൽ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നശേഷം എക്സിക്യൂട്ടീവ് ഉത്തരവുകൾ പ്രകാരം സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയും സെക്രട്ടറി ഗ്രാമപഞ്ചായത്ത് തസ്തികയും സംയോജിപ്പിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തിക ആക്കുകയും ടി തസ്തിക പഞ്ചായത്ത് സബോർഡിനേറ്റ് ചട്ടങ്ങളിൽ നിന്നും പഞ്ചായത്ത് സർവ്വീസ് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് അക്കൗണ്ടന്റ് എന്നീ തസ്തികകൾ എക്സിക്യൂട്ടീവ് ഉത്തരവുകൾ പ്രകാരം സൃഷ്ടിക്കപ്പെട്ടതാണ്. സാനിട്ടറി ഇൻസ്പെക്ടർ തസ്തിക ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I,II ആയി പുനർ നാമകരണം ചെയ്തിട്ടുണ്ട്.

(സി) വകുപ്പിലെ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് ലഭ്യമാക്കാമോ ;

(സി) ഗസറ്റഡ് തസ്തികകൾ

1. പഞ്ചായത്ത് ഡയറക്ടർ - 1
2. പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ - 1
3. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ - 3
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ - 18
5. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ- 14
6. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - 1
7. പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്സ് ഓഫീസർ -1
8. സീനിയർ സൂപ്രണ്ട്-71
9. ഗ്രാമപഞ്ചായത്ത് സെക്രട്ടറി - 978

(പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിൽ ഉൾപ്പെട്ടിരുന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തിക എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം പഞ്ചായത്ത് സർവ്വീസ് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചട്ട ഭേദഗതിയ്ക്കുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു).

നോൺ ഗസറ്റഡ് തസ്തികകൾ

1. അസിസ്റ്റന്റ് സെക്രട്ടറി - 864
2. ജൂനിയർ സൂപ്രണ്ട്- 617
3. ഹെഡ് ക്ലാർക്ക് - 612
4. ഹെഡ് അക്കൗണ്ടന്റ് - 979
5. സീനിയർ ക്ലാർക്ക് - 3631
6. ക്ലാർക്ക് -3632
7. ലൈബ്രേറിയൻ - 72
8. ഡ്രൈവർ - 201
9. ഹെൽത്ത് ഇൻസ്പെക്ടർ - 22
10. ടൈപ്പിസ്റ്റ് - 107
11. ഫെയർകോപ്പി സൂപ്രണ്ട് - 2
12. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 3
13. ലാസ്റ്റ് ഗ്രേഡ് - ഓഫീസ് അറ്റൻഡന്റ്-1502

| | |
|---|---|
| (ഡി) വകുപ്പുതല സ്പെഷൽ റൂൾ ഭേദഗതി ചെയ്യാൻ നിർദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (ഡി) ഉണ്ട്. വകുപ്പിലെ വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതിയുടെ ആദ്യ പടിയായി വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച കരട് ഭേദഗതി വിശദമായി പരിശോധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിശോധനയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്